# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ : ശ്രീ. വി.ആർ. ജോഷി)

വിഷയം :- പിന്നാക്ക സമുദായ വികസനം - ജീവനക്കാര്യം - സീനിയർ ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ശ്രീമതി. ഷബിന.എസ്-നെ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) സ.ഉ (കൈ) നമ്പർ. 01/206/പി.സ.വി.വ തീയതി 4/3/2016
2) ഈ ഓഫീസിലെ 1/4/2016-ലെ ഇതേ നമ്പർ നടപടി ഉത്തരവ്.
3) ഈ ഓഫീസിലെ 28/4/2016-ലെ BCDD/A1/1080/16(1) നമ്പർ നടപടി ഉത്തരവ്.

.....................................................................................................

ഉത്തരവ് നമ്പർ : **BCDD/A1/1080/16(2)** തീയതി: **28/04/ 2016**

.....................................................................................................

പിന്നാക്ക സമുദായ വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കോഴിക്കോട് മേഖലാ ഓഫീസിൽ നിലവിലുള്ള സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ & ട്രാൻസ്ഫർ മുഖേന വകുപ്പിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. അനിൽ.ജി-യെ പരാമർശം (3) പ്രകാരം നിയമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് നിയമനം നടത്തേണ്ടതുണ്ട്. പരാമർശം (2) പ്രകാരം അംഗീകരിക്കപ്പെട്ട സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും അടുത്ത പ്രൊമോഷന് അർഹതയുള്ളത് ശ്രീമതി. ഷബിന.എസ്-നാണ്.

പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പ് വിജയകരമായി പൂർത്തീകരിക്കേണ്ടതിന്റെ അടിയന്തിര പ്രാധാന്യവും പൊതുതാൽപര്യവും കണക്കിലെടുത്ത് നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ സീനിയർ ക്ലാർക്കുമാരിൽ സീനിയറായ ശ്രീമതി.ഷബിന.എസ്-നെ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് 30700-65400 ശമ്പള സ്കെയിലിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ടി ജീവനക്കാരിയെ ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥൻ ആവശ്യമായ ചാർജ്ജ് ക്രമീകരണം നടത്തി ഉടൻ തന്നെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**ഡയറക്ടർ**

ശ്രീമതി. ഷബിന. എസ്

പകർപ്പ് :

1. അഡീഷ്ണൽ ചീഫ് സെക്രട്ടറി (ഉപരിപത്രം സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (A&E) കേരളം (ഉപരിപത്രം സഹിതം)
3. ഡയറക്ടറുടെ മേശമേൽ
4. ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം, കോഴിക്കോട്.
5. സീനിയർ സൂപ്രണ്ട്, ഡയറക്ടറേറ്റ്
6. സ്റ്റോക്ക് ഫയൽ/സ്പെയർ.

ആജ്ഞാനുസരണം

സീനിയർ സൂപ്രണ്ട്.